**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 330** — **28-06-2024 - ൽ മറുപടിയ്ക്ക്**

**വിമുക്തി മിഷൻ പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എ. രാജ</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനായി എക്സൈസ് വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന വിമുക്തി മിഷൻ പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ;</td><td>(എ)</td><td>സംസ്ഥാനത്ത് മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടു വരുന്നതിനായി വിമുക്തിമിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പതിനാല് ജില്ലകളിലും സർക്കാർ ആശുപത്രികളോടനുബന്ധിച്ച് 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിപ്പിച്ച് വരുന്നു. ഈ സെന്ററുകൾ വഴി 2024 ഏപ്രിൽ മാസം വരെ 119556 പേർ ഒ.പിയിലും 9909 പേർ ഐ.പിയിലും ചികിത്സ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും, കോഴിക്കോട് ജില്ലയിൽ ബീച്ച് ജനറൽ ആശുപത്രിയിലും പ്രവർത്തിക്കുന്ന വിമുക്തി ഡീ-അഡീക്ഷൻ സെന്ററുകളോട് അനുബന്ധിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും ചികിത്സ നൽകുന്നതിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളോടനുബന്ധിച്ച് വിമുക്തി മിഷൻ, ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം.<br><br>2.രാമറാവു മെമ്മോറിയൽ ആശുപത്രി നെടുങ്ങോലം, കൊല്ലം.<br><br>3.എം.സി.സി.എം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി പത്തനംതിട്ട<br><br>4.മാവേലിക്കര താലൂക്ക് ആശുപത്രി, മാവേലിക്കര , ആലപ്പുഴ<br><br>5.ജനറൽ ആശുപത്രി പാലാ, കോട്ടയം.</td></tr>
</table>

| | | | |
|---|---|---|---|
| | | | 6.ജില്ലാ ആശുപത്രി, ചെറുതോണി, ഇടുക്കി.<br><br>7.ജനറൽ ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം<br><br>8.താലൂക്ക് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ.<br><br>9.ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, കോട്ടത്തറ, പാലക്കാട്.<br><br>10.ജില്ലാ ആശുപത്രി, നിലമ്പൂർ , മലപ്പുറം<br><br>11.ജനറൽ ആശുപത്രി, ബീച്ച്, കോഴിക്കോട്.<br><br>12.ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്.<br><br>13.താലൂക്ക് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ.<br><br>14.താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നീലേശ്വരം, കാസർകോട് |
| (സി) | പ്രസ്തുത മിഷൻ വഴി നാളിതുവരെ എത്രപേർക്ക് കൗൺസിലിംഗ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (സി) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി മൂന്ന് മേഖല കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഈ മേഖലാ കൗൺസിലിംഗ് സെന്ററുകൾ വഴി നേരിട്ടും, ടെലിഫോൺ മുഖാന്തിരവും 2018 നവംബർ മുതൽ 2024 ഏപ്രിൽ വരെ ആകെ 18,781 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്. കൂടാതെ വിമുക്തി ഡി-അഡീക്ഷൻ സെന്ററുകൾ മുഖേനയും കൗൺസിലിംഗ് നൽകി വരുന്നുണ്ട്. കൗൺസിലിങ്ങ് സേവനങ്ങൾ നൽകുന്നതിനായി സൈക്കോളജി/ സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് ബാംഗ്ലൂരിലെ NIMHANS എന്ന സ്ഥാപനം മുഖേന പരിശീലനം നൽകിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിച്ച് വിദ്യാർത്ഥികൾക്ക് സ്കൂൾ അധികൃതരുടെയും രക്ഷകർത്താക്കളുടെയും ആവശ്യപ്രകാരം പ്രാഥമിക കൗൺസിലിംഗ് നൽകുകയും ആവശ്യമുള്ള പക്ഷം വിമുക്തി സെന്ററുകളിൽ വിദഗ്ധ കൗൺസിലിംഗിന് വിധേയമാക്കുകയും ചെയ്യുന്നു. വിമുക്തി മെന്റേഴ്സ് മുഖാന്തിരം 2022 ഏപ്രിൽ മുതൽ 2024 ഏപ്രിൽ വരെ 3464 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പ് കണ്ടെത്തുന്ന മൈനർ എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള 25 വയസ്സും അതിൽ താഴെയും പ്രായമുള്ളവർ തുടർന്നും ഇത്തരം പ്രവണതകളിലേക്ക് ഏർപ്പെടാതിരിക്കുന്നതിനായി പരിശീലനം ലഭിച്ച എക്സൈസ് ഉദ്യോഗസ്ഥർ മുഖേന കൗൺസിലിംഗ് നൽകി വരുന്നു. ഇപ്രകാരം 2022 ജനുവരി മുതൽ |

| | | | |
|---|---|---|---|
| | | | 2024 ഏപ്രിൽ മാസം വരെ 5001 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്. |
| (ഡി) | സർക്കാർ ആശുപത്രികൾക്കൊപ്പം മികച്ച സ്വകാര്യ ആശുപത്രികളെക്കൂടി വിമുക്തി മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ഡി) | നിലവിൽ വിമുക്തി മിഷൻ പദ്ധതി പ്രവർത്തനങ്ങളിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ